**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 136**
**30.11.2015-ലെ മറുപടിക്ക്**
**ഇ-ട്രഷറി പദ്ധതി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ബഹു.മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
| (എ) | സംസ്ഥാനത്ത് ഇ-ട്രഷറി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | സർക്കാരിലേക്കുളള പണം ഒടുക്കലുകൾ ഓൺലൈനായി നിർവ്വഹിക്കുന്നതിന് സൗകര്യമൊരുക്കുന്ന ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുളള ഉപഭോക്താക്കൾക്ക് ട്രഷറി സന്ദർശിക്കാതെ തന്നെ ലോകത്തെവിടെനിന്നും ഏതു സമയത്തും ഓൺലൈനായി ഗവൺമെന്റിലേക്ക് പണമൊടുക്കുവാൻ ഇതുവഴി സാധിക്കുന്നു. ഇ-ട്രഷറി സംവിധാനത്തിന്റെ വിശദമായ നടപടി ക്രമങ്ങൾ 30.7.2014ലെ സ.ഉ.(പി) നം.310/2014/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. യാതൊരുവിധ സർവീസ് ചാർജ്ജുകളോ അധിക ചാർജ്ജുകളോ ഇല്ലാത്ത ഇ-ട്രഷറി സംവിധാനം തികച്ചും സുതാര്യവും സൗകര്യപ്രദവുമാണ്.<br><br>പണം കൈമാറ്റത്തിൽ ഇലക്ട്രോണിക് സംവിധാനം നടപ്പിൽ വരുത്തണമെന്ന കേന്ദ്രസർക്കാരിന്റേയും റിസർവ്ബാങ്കിന്റേയും നിർദ്ദേശങ്ങളും ഇ-ട്രഷറി സംവിധാനം വഴി പ്രാപ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>എസ്.ബി.റ്റി., എസ്.ബി.ഐ, കാനറാ ബാങ്ക് എന്നീ മൂന്ന് ഏജൻസി ബാങ്കുകളെയായിരുന്നു തുടക്കത്തിൽ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിരുന്നത്. ഇ-ട്രഷറി സംവിധാനം കൂടുതൽ |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | |

| | | |
|---|---|---|
| | | വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യ മൊരുക്കുന്നതിനുമായി 9 ബാങ്കുകളെക്കൂടി ഇ-ട്രഷറി സംവിധാനത്തിൽ ഉൾപ്പെടുത്തി 19.2.2015 ലെ സ.ഉ.(പി)നം. 89/2015/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. ട്രഷറി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, സർക്കാർ അനുമതി ലഭ്യമായ ബാങ്കുകൾ, സംസ്ഥാനത്തെ പ്രധാന സർക്കാർ വകുപ്പുകൾ എന്നിവയെ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.<br><br>ഇ-ട്രഷറി സംവിധാനം നടപ്പാക്കുന്നതിനായി ഒരു സെൻട്രൽ സെർവ്വർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ട്രഷറി ഡയറക്ടറേറ്റിൽ എല്ലാവിധ സാങ്കേതിക സൗകര്യങ്ങളാലും സജ്ജമായ ഒരു ഇ-ട്രഷറി ഓഫീസും പ്രവർത്തിക്കുന്നുണ്ട്. 42 സർക്കാർ വകുപ്പുകളേയും ഇ-ട്രഷറി സംവിധാനത്തിൽ സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ 400 കോടിയിലധികം രൂപ വിവിധവകുപ്പുകളിലായി ഇ-ട്രഷറി മുഖാന്തിരം സ്വീകരിച്ച് സർക്കാർ അക്കൗണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ റിസർവ്വ് ബാങ്കിനെ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ച് ഓൺലൈനായി കണക്കുകൾ ലഭ്യമാക്കുന്ന സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ